# ലോഗോസ് ക്വിസ് 2017

## ലഘുപഠനം

# സംഖ്യ

2017-ലെ ലോഗോസ് ക്വിസിനുള്ള ബൈബിൾ ഭാഗങ്ങളിൽ മൂന്നെണ്ണം കഴിഞ്ഞ വർഷം പഠിച്ച ഗ്രന്ഥങ്ങളുടെ തുടർച്ചയാണ്. അവയിൽ പഴയനിമയത്തിലെ സംഖ്യാഗ്രന്ഥത്തിന്റെയും സുഭാഷിതഗ്രന്ഥത്തിന്റെയും യഥാക്രമം 22, 21 അധ്യായങ്ങൾ മുതൽ അവസാനാധ്യായങ്ങൾ വരെ നാം പഠിക്കേണ്ടവയാകുമ്പോൾ പുതിയ നിയമത്തിൽ വെളിപാടുഗ്രന്ഥം കഴിഞ്ഞ വർഷത്തിന്റെ തുടർച്ചയാണെങ്കിലും (അധ്യായങ്ങൾ 4-9) വി. മത്തായിയുടെ സുവിശേഷം ഈ വർഷത്തെ പഠനത്തോടെ നാം ആരംഭിക്കുകയാണ് (അധ്യായങ്ങൾ 1-9). ആമുഖഭാഗത്തിന്റെ സംഗ്രഹം ഇവിടെ കൊടുക്കുമെങ്കിൽപ്പോലും കഴിഞ്ഞ വർഷത്തെ ലഘുപഠനാരംഭത്തിൽ സൂചിപ്പിച്ചതുപോലെ, തുടർച്ചയായ പഠനഭാഗങ്ങളുള്ള ഗ്രന്ഥങ്ങൾക്കു നാം കഴിഞ്ഞ വർഷങ്ങളിൽ നൽകിയിരുന്ന ലഘുപഠനത്തിന്റെ ആമുഖഭാഗങ്ങൾ ഒന്നുകൂടി വായിച്ചു മനസ്സിലാക്കുന്നത് ഉപകാരപ്പെടുമെന്ന് ഓർമിപ്പിക്കുന്നു.

**സംഖ്യയുടെ പുസ്തകം**
**(22-36 അധ്യായങ്ങൾ)**

സംഖ്യാഗ്രന്ഥത്തിന്റെ ഘടനയനുസരിച്ച്, മൂന്നാംഭാഗമാണ് ഈ വർഷത്തെ പഠനത്തിനായി നാം എടുത്തിരിക്കുന്നത്, അതായത് 22-36 അധ്യായങ്ങൾ (2015-ലെ ലോഗോസ് ലഘുപഠനം, സംഖ്യാഗ്രന്ഥത്തിന്റെ ആമുഖഭാഗം നോക്കുക). ആദ്യഭാഗത്ത്, അതായത്, 1-10 അധ്യായങ്ങളിൽ ഇസ്രായേൽ ജനം ഈജിപ്തിൽ നിന്ന് സീനായ് മലയിൽ എത്തി, ദൈവം അവരുമായി ഉടമ്പടി ചെയ്തു നിയമങ്ങളും നൽകിയശേഷം അവർ കാനാൻ

ദേശത്തേയ്ക്കു യാത്ര തിരിക്കുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിക്കുന്നു. ഈജിപ്തിൽനിന്നുള്ളത് അടിമകളായിരുന്ന ഒരു ജനതയുടെ ഒളിച്ചോടൽ എന്നു വിശേഷിപ്പിക്കാമെങ്കിൽ, ഇനിയുള്ളത് ഒരു ജനതയെന്ന നിലയിൽ പ്രതിബന്ധങ്ങളെ എതിരിട്ടുകൊണ്ടുള്ള ഒരു നീക്കമായിരുന്നു എന്നു പറയാം. അതുകൊണ്ട് മോശ സൈനികസേവനം ചെയ്യാൻ കഴിവുള്ളവരുടെ എണ്ണമെടുക്കുകയും അവരെ ഗോത്രങ്ങളുടെ കീഴിൽ ഗണമായി തിരിച്ചു ക്രമപ്പെടുത്തുകയും ചെയ്യുന്നത് ആദ്യഭാഗത്തു നാം കാണുന്നു. ഒപ്പം ദൈവശുശ്രൂഷയ്ക്കായുള്ള ക്രമീകരണങ്ങളും. വാഗ്ദാനപേടകമാണ്, ദൈവസാന്നിധ്യമാണ് അവരുടെ ജീവിതകേന്ദ്രം എന്ന ഇസ്രായേൽത്തനിമ വിളിച്ചോതും വിധമുള്ള ഗോത്രങ്ങളുടെ ക്രമീകരണവും ലേവീഗോത്രത്തിന്റെ ശുശ്രൂഷാദൗത്യവിശദീകരണവും നാമവിടെ കാണുന്നുണ്ട്. ഇപ്രകാരം''ഇസ്രായേൽജനം ഗണങ്ങളായി സീനായ് മരുഭൂമിയിൽ നിന്നു പുറപ്പെട്ടു'' (10:11-12). തുടർന്നു സീനായ് മലയിലേക്കെത്തുന്നതുവരെയുള്ള യാത്രാവിവരണമാണ് രണ്ടാം ഭാഗത്തു നാം കാണുന്നത്. നാടോടികളായി നീങ്ങുന്ന ജനതയുടെ, കുടുംബങ്ങളുടെ കഷ്ടതകൾ അവർണനീയമാണെന്നു നാം കണ്ടു. ഈയൊരവസ്ഥയിൽ അവരെ നയിക്കുന്ന മോശ ''ഭൂമുഖത്തുള്ള എല്ലാ മനുഷ്യരിലും വച്ചു സൗമ്യനായിരുന്നു'' (12:3) എന്നു സംഖ്യാഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്നതിന്റെ കാരണം നാമവിടെ മനസ്സിലാക്കുകയും ചെയ്തു. ഈ യാത്ര അവസാനിച്ചതു ജോർദാനക്കരെ മൊവാബുസമതലത്തിലാണ് (22:1).

22 മുതലുള്ള അധ്യായങ്ങൾ വിവരിക്കുന്നത് അവർ സീനായ് മലയിൽ നിന്ന് പുറപ്പെട്ട് മൊവാബുസമതലത്തിൽ, അതായത് ജോർദാനു കിഴക്ക്, ജോർദാനു പടിഞ്ഞാറുള്ള ജറീക്കോയുടെ എതിർവശത്ത് അവർ പാളയമടിച്ചശേഷമുള്ള സംഭവങ്ങളാണ്. അവിടെ പ്രധാനമായി സംഭവിക്കുന്നവ എന്തെന്നു നോക്കാം. മൊവാബുസമതലത്തിലെത്തിയ അവരെ കണ്ടു ഭയപ്പെട്ട മൊവാബ്യരാജാവായ ബാലാക് ഇസ്രായേലിനെ ശപിക്കാനായി പ്രവാചകനായ ബാലാമിനെ കൊണ്ടുവരുന്നതും ബാലാം അവരെ ശപിക്കുന്നതിനു പകരം അനുഗ്രഹിക്കുന്നതും വിവരിക്കുന്നതാണ് ആദ്യം കാണുക (അധ്യാ. 22-24). പിന്നീടുള്ള ഭാഗം ഘടനാപരമായി അത്ര വ്യക്തതയുള്ളതല്ല.

25-ാമധ്യായത്തിൽ വിവരിക്കുന്ന ഇസ്രായേലിന്റെ പാപത്തെത്തുടർന്നുള്ള മഹാമാരിയിൽ അനേകർ മരിച്ചുതിനെത്തുടർന്ന് 26-ാമധ്യായത്തിൽ വിവരിക്കുന്നത് ജനസംഖ്യയെടുക്ക ലാണ്. അതുകൊണ്ട് ഈ രണ്ടധ്യാ യങ്ങളെ ഒരു ഉപവിഭാഗമായി നമുക്കു കണക്കാക്കാം.

തുടർന്ന് അവസാനാധ്യായം വരെയുള്ള ഭാഗം പൊതുവെ നിയമങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നു. ഈ അധ്യായങ്ങളിൽ 27-ാമധ്യായം പിൻതുടർച്ചാവകാശത്തെക്കുറിച്ചും, 28-30 അധ്യായങ്ങൾ ബലികൾ, തിരുനാ ളുകൾ, നേർച്ചകൾ എന്നിവയെക്കുറിച്ചും 31-ാമധ്യായം മിദിയാനുമായി നട ത്തിയ യുദ്ധത്തെക്കുറിച്ചും 32-ാമധ്യായം റൂബൻ, ഗാദ്, മനാസ്സെയുടെ അർഥ ഗോത്രം എന്നിവയ്ക്ക് കാനാൻദേശത്തിനു പുറത്ത്, അതായത് ജോർദാന ക്കരെ (ജോർദാനു കിഴക്ക്) ദേശം നൽകിയതിനെക്കുറിച്ചുമാണ്. 33-35 അധ്യായങ്ങൾ പലവിധത്തിലുള്ള സ്ഥലവിവരങ്ങളും വിവരണങ്ങളും ഉൾക്കൊള്ളുന്നു. പതിമൂന്നു വാക്യങ്ങൾ മാത്രമുള്ള 36-ാമധ്യായം വീ ും പിൻ തുടർച്ചാവകാശത്തെക്കുറിച്ചുതന്നെയാണ്. അതുകൊണ്ട് 22-36 അധ്യാ യങ്ങളിൽ പൊതുവായി കാണുന്ന ആറു വിവിധ വിഷയങ്ങളെ നമുക്കു വിശ ദമായി കാണാം.

1. ബാലാം വിവരണങ്ങൾ (അധ്യാ 22-24)
2. പാപം, മഹാമാരി, ജനസംഖ്യ (അധ്യാ. 25-26)
3. പിൻതുടർച്ച (അധ്യാ 27, 36)
4. ബലികൾ, തിരുനാളുകൾ, നേർച്ചകൾ (അധ്യാ. 28-30)
5. യുദ്ധം, ദേശവിഭജനം (അധ്യാ. 31-32)
6. സ്ഥലവിവരങ്ങൾ (അധ്യാ. 33-35)

### 1. ബാലാം വിവരണങ്ങൾ (അധ്യാ. 22-24)

ഇസ്രായേൽജനം പാളയമടിച്ച സ്ഥലസൂചനയിലാണ് ഈ ഭാഗം ആരംഭിക്കു ന്നതെന്നു നാം കണ്ടു കഴിഞ്ഞു. ബാലാക്, ബാലാം എന്നിവരാണ് 22-24 അധ്യായങ്ങളിലെ പ്രധാന കഥാപാത്രങ്ങളായി വരിക. അവിടെ 22-ാമധ്യായ

ത്തിൽ ബാലാക് ഇസ്രായേൽ ജനത്തിന്റെ ശക്തിയെക്കുറിച്ചു കേൾക്കുന്ന തും, ബാലാമിനെ ക്ഷണിക്കുന്നതും ബാലാമിന്റെ മൊവാബ് യാത്രയിലെ സംഭവങ്ങളുമാണ് വിവരിക്കുന്നത്. തുടർന്നു വരുന്ന രണ്ടധ്യായങ്ങളിൽ ബാലാക് ബാലാമിനോട് ഇസ്രായേൽക്കാർക്കെതിരെ പ്രവചിക്കാനാവശ്യപ്പെ ടുന്നതും എന്നാൽ കർത്താവിന്റെ ഹിതമനുസരിച്ചുള്ള ബാലാമിന്റെ പ്രവചന ഗീതങ്ങളുമാണ് ഉള്ളത്.

**ഇസ്രായേൽ ജനം മൊവാബുസമതലത്തിൽ**

സീനായിൽ നിന്നു യാത്ര തിരിച്ച ജനം വന്നെത്തി നിൽക്കുന്നത് ജോർദാന ക്കരെ ജറീക്കോയുടെ എതിർവശത്താണെന്ന് ഇരുപത്തിര ാമധ്യായം ആദ്യ വാക്യത്തിൽ പറയുന്നുണ്ട്. കാനാൻ ദേശത്തു നിന്നുകൊണ്ടു പറയുന്നതു പോലെയാണ് ഗ്രന്ഥകാരൻ സ്ഥലസൂചന നൽകിയിരിക്കുന്നതെന്നു ഇവിടെ ശ്രദ്ധിക്കേണ്ടതാണ്. ജോഷ്വയുടെ പുസ്തകത്തിൽ ജോർദാൻ കടന്നു കാനാൻ ദേശത്തു പ്രവേശിച്ച ഇസ്രായേൽ ജനം ജനം ആദ്യം കീഴടക്കിയത് ജെറീക്കോയാണ്. ഈ സ്ഥലസൂചന നിയമാവർത്തനപ്പുസ്തകത്തിന്റെ ആരംഭത്തിൽ ആവർത്തിക്കുന്നുമുണ്ട്(1:1, 5). ഏതായാലും മരുഭൂമിയിലൂടെ യുള്ള അവരുടെ യാത്ര അവസാനിച്ചുവെന്നും ജനം വാഗ്ദാനദേശത്തിനടു ത്തെത്തി എന്നും മൊവാബ്, ജോർദാൻനദി, ജറീക്കോ എന്നീ നാമങ്ങൾ സൂചിപ്പിക്കുന്നു.

**ഇസ്രായേലിനെ ഭയപ്പെടുന്ന മൊവാബ് രാജാവ് ബാലാക്**

മൊവാബിന്റെ രാജാവായിരുന്നു ബാലാക്. ഇസ്രായേലിന്റെ ശക്തിയെക്കുറി ച്ചുകേട്ട രാജാവ് (മൊവാബ്) അവിടുത്തെ പ്രമാണികളോടാവശ്യപ്പെടുന്നത് യുദ്ധത്തിനൊരുങ്ങുന്നതിനുമുമ്പ് ഒരു സിദ്ധനെ വിളിച്ച് അവർക്കുമേൽ ശാപം ചൊരിയിക്കുന്നതിനാണ്. ഇസ്രായേലിന്റെ പുറപ്പാടുചരിത്രത്തിന്റെ ഒരു സംഗ്രഹം നൽകിയാണ് ബാലാക് ജനപ്രമാണികളെ ബാലാമിനെ ക്ഷണിച്ചുകൊണ്ടുവരുന്നതിന് അയയ്ക്കുന്നത്. ബാലാം ഇസ്രായേലിനെ ഭയപ്പെടുന്നത് രണ്ടു കാരണങ്ങളാലാണ്: അമോര്യരെ തോല്പിച്ച ഇസ്രായേ ലിന്റെ യുദ്ധവീര്യവും അവരുടെ സംഖ്യാബലവും (വാ. 2, 3).

അനുഗ്രഹത്തിനും ശാപത്തിനും വലിയ ശക്തിയുെ ന്നത് അന്നുമിന്നും പ്രബലമായ ഒരു വിശ്വാസമാണെന്നു പറയാം. എന്നിരിക്കിലും അന്നു ഇക്കാര്യത്തിൽ ജനതകളുടെയിടയിൽ നിലനിന്നിരുന്ന വിശ്വാസത്തെക്കൂടി ഇതു പ്രതിഫലിപ്പിക്കുന്നുണ്ട്. ബാലാമിനുള്ള അമാനുഷികശക്തിയാൽ ഇസ്രായേലിനെ ശപിച്ചു നശിപ്പിക്കാൻ കഴിയും എന്നു ബാലാക് വിശ്വസിച്ചു. എന്നാൽ കർത്താവിന്റെ ഇടപെടലിൽ ബാലാക്കിന്റെ പദ്ധതി ഫലം കണ്ടില്ല. ബാലാം പറയുന്ന ഒരുക്കങ്ങളെല്ലാം ബാലാക് ചെയ്തുകൊടുത്തെങ്കിലും ബാലാം ഇസ്രായേലിനെതിരായി പ്രവചിക്കുകയല്ല, അവരെ അനുഗ്രഹിക്കുകയാണ് ചെയ്തത്. ബാമോത്ബാൽ, പിസ്ഗാ മല, പെയോർ മല എന്നീ മൂന്നു സ്ഥലങ്ങളിൽ ബാലാക് ബാലാമിനെ മാറി മാറി കൊണ്ടുപോകുന്നുണ്ടെങ്കിലും അവിടെവച്ചെല്ലാം ബാലാം ഇസ്രായേലിനു കർത്താവു നൽകുന്ന അനുഗ്രഹത്തെക്കുറിച്ച് പ്രവചിച്ചു. ഇതിൽ ബാലാമിനെതിരെ ബാലാക്കിന്റെ കോപം ജ്വലിച്ചു (24:10-11). വാഗ്ദാനം ചെയ്തിരുന്ന വലിയ ബഹുമതികൾ നൽകുകയില്ലെന്നും ദേശത്തേയ്ക്കു ഓടിക്കൊള്ളുക എന്നും ബാലാമിനോടു പറയുന്നു.

**ബാലാമിന്റെ യാത്രയും പ്രവചനങ്ങളും**

ബാലാം എന്ന പേരിന്റെ അർഥം ''ജനത്തെ വിഴുങ്ങുന്നവൻ'' എന്നാണ്. ബാലാം പെത്തോർ ദേശക്കാരനും ബെയോറിന്റെ പുത്രനുമാണ്. യൂഫ്രട്ടീസ് നദീതീരത്തുള്ള പെത്തോർ മൊവാബിൽ നിന്നു വളരെ അകലെയുള്ള പ്രദേശമാണ്.

ബാലാക്കിന്റെ ദൂതന്മാരോടുകൂടെ പോകുന്നതിന് കർത്താവ് അനുമതി നൽകുന്നില്ല. അതിനാൽ ബാലാം ദൂതന്മാരെ തിരിച്ചയയ്ക്കുന്നു. ബാലാക് വീണ്ടും കൂടുതൽ ബഹുമാന്യരായ കൂടുതൽ പ്രമാണികളെ അയച്ചെങ്കിലും ബാലാം വിസമ്മതിക്കുകയും വീണ്ടും കർത്താവിന്റെ ഹിതം തേടുകയും പോകുന്നതിനുള്ള നിർദ്ദേശത്താൽ അവരോടൊത്തു പോവുകയും ചെയ്യുന്ന ബാലാമിനെ ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത് യഥാർഥ പ്രവാചകന്റെ സ്വഭാ

വമെന്തായിരിക്കണമെന്നു വരച്ചുകാട്ടാനും വിജാതീയർപോലും കർത്താവിനെ അനുസരിക്കുകയും കർത്താവ് അവരിലൂടെ സംസാരിക്കുകയും ചെയ്യുമെന്ന് വ്യക്തമാക്കാനുമാണ് എന്നു കരുതുന്നതിൽ തെറ്റില്ല.

'ബാലാമിന്റെ കഴുത' ഏറെ പ്രശസ്തമായ ഒരു ബൈബിൾ കഥയാണ്. കർത്താവിന്റെ ഹിതമനുസരിച്ചു യാത്ര പുറപ്പെട്ട അയാളെ എന്തുകൊണ്ടാണ് ദൈവദൂതൻ തടയുന്നത് എന്നതിനു ന്യായീകരണമൊന്നും നൽകുവാനില്ല. എന്തായാലും, പ്രവാചകനെക്കാൾ ദർശനശക്തിയുള്ള, വിവേകരഹിതമായി മർദ്ദിക്കുന്ന പ്രവാചകനെപ്പോലും രക്ഷിക്കുന്നതിനു ശ്രമിക്കുന്ന കഴുത നല്ലൊരു പാഠമാണ് നമുക്കുപദേശിക്കുന്നത്.

നാലു പ്രവചനങ്ങളാണ് ബാലാമിന്റേതായി ഈ ഭാഗത്തുള്ളത്. മൂന്നു പ്രവചനങ്ങളും ഏതാണ്ട് ഒരേ ഘടനയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ബാലാക് ബാലാമിനെ ആദ്യം മലമുകളിലേയ്ക്കു കൂട്ടിക്കൊണ്ടു പോകുന്നു. അവിടെ വച്ചു ബലിയർപ്പിക്കുന്നു, ബാലാക് കർത്താവിനോട് ആരായുന്നു, തുടർന്നു പ്രവചിക്കുന്നു. മൂന്നാമത്തെ പ്രവചനത്തിനുമുമ്പ് കർത്താവിന്റെ ഹിതം ആരായാതെ തന്നെ തിരിച്ചറിയുകയാണ് ബാലാം (24:1). ഇസ്രായേലിനെ ശപിക്കാൻ താൻ കൊണ്ടുവന്ന ബാലാം ഇസ്രായേലിനെ അനുഗ്രഹിക്കുന്നതുകേട്ട്, രണ്ടു പ്രാവശ്യം ബാലാക് അവനെ മറ്റൊരു മലമുകളിലേയ്ക്കു കൂട്ടിക്കൊണ്ടുപോകുന്നുണ്ട്. മൂന്നാമത്തെ പ്രവചനത്തിന്റെ തുടർച്ചയെന്നോണം മറ്റു കർമങ്ങളൊന്നുമില്ലാതെ തന്നെയാണ് നാലാമത്തെ പ്രവചനം നടത്തുന്നത്.

ഒന്നാമത്തെ പ്രവചനം ഹ്രസ്വവും ഇസ്രായേലിനെ പ്രകീർത്തിച്ചുകൊണ്ടുള്ളതുമാണ്. ''വേറിട്ടു പാർക്കുന്ന ഒരു ജനം, ജനതകളോട് ഇടകലരാത്ത ഒരു ജനം'' (23:9) എന്നത് ദൈവജനമെന്ന നിലയിലുള്ള ഇസ്രായേലിന്റെ തനിമയെ വെളിപ്പെടുത്തുന്നു. ഇസ്രായേലിൻറെ സംഖ്യാബലത്തെ കുറിക്കുന്ന ''യാക്കോബിന്റെ ധൂളി'', യാക്കോബിനു ദൈവം നൽകിയ വാഗ്ദാനത്തിന്റെ

ഏറ്റുപറച്ചിൽ കൂടിയാണ്: ''നിന്റെ സന്തതികൾ ഭൂമിയിലെ പൂഴിപോലെ എണ്ണമററവരായിരിക്കും'' (ഉൽപ്പ 28:14).

പിസ്ഗാ മലയിൽ വച്ചുള്ള രണ്ടാമത്തെ പ്രവചനം യാക്കോബിനെ ഈജി പ്തിൽ നിന്നു കൊണ്ടുവന്നതു കർത്താവാണെന്നും (23:22) അവർക്ക് യാതൊരു ക്ഷുദ്രപ്രയോഗവും ഏൽക്കുകയില്ലെന്നും വ്യക്തമാക്കിക്കൊണ്ട് (23:23) അവരെ അനുഗ്രഹിക്കുന്നതാണ്. ദൈവികഗുണങ്ങൾ ഏറ്റുപറഞ്ഞു കൊണ്ട്, കർത്താവ് അനുഗ്രഹിച്ച കാട്ടുപോത്തിന്റെ ബലമുള്ള (23:22), സിംഹത്തെപ്പോലെ ഉണരുന്ന ഇസ്രായേൽ ശത്രുക്കളെ നിഗ്രഹിക്കുമെന്ന് (23:24) പ്രവചിക്കുന്നു. പെയോർ മലമുകളിൽ വച്ച്, ആത്മാവിനാൽ ആവസി ക്കപ്പെട്ട ബാലാമിന്റെ മൂന്നാം പ്രവചനവും ഇസ്രായേലിനെ അനുഗ്രഹിച്ചു കൊണ്ടുള്ളതാണെന്നു കണ്ട് ബാലാക് അയാളെ ശാസിക്കുന്നു, വെറും കൈയോടെ പറഞ്ഞയയ്ക്കുന്നു. കർത്താവിന്റെ കൽപ്പനയ്ക്കപ്പുറം സ്വമേ ധയാ നന്മയോ തിന്മയോ പ്രവർത്തിക്കാൻ കഴിയുകയില്ലെന്നേറ്റു പറഞ്ഞു കൊണ്ട് നാലാം പ്രവചനത്തിലേക്ക് ബാലാം കടക്കുകയാണ്.

മൂന്നാം പ്രവചനത്തിൽ, പ്രവാചകത്വം ദൈവാത്മാവിന്റെ പ്രവർത്തനത്തിനു വിധേയമാകുന്നതാണെന്നേറ്റുപറഞ്ഞുകൊണ്ട് കർത്താവിന്റെ ജനമായ ഇസ്രായേലിന്റെ ഐശ്വര്യവും ശക്തിയും, ശത്രുനിഗ്രഹവും രണ്ടാം പ്രവചന ത്തിലെന്നപോലെ ബാലാം ഏറ്റുപറയുന്നു. 24:9-ലെ ''നിന്നെ അനുഗ്രഹിക്കു ന്നവൻ...'' എന്ന ഭാഗം അബ്രാഹത്തിനു ലഭിച്ച വാഗ്ദാനത്തെ (ഉൽപ്പ 12:3) അനുസ്മരിപ്പിക്കുന്നുണ്ട്. തുടർന്നുള്ള നാലാം പ്രവചനം മൊവാബ്യരുടെ ഭാവിയെക്കുറിച്ചുള്ള മുന്നറിയിപ്പായിട്ടു തുടങ്ങി, തന്റെ പ്രവാചകത്വത്തെക്കു റിച്ചു വിശദീകരിച്ച് (24:15-16) ഇസ്രായേലിന്റെ വിജയത്തെ പ്രകീർത്തിക്കു ന്നു. മൊവാബ്, ഏദോം, അമലേക്ക്, കേന്യർ, അസ്സൂർ, ഏബെർ എന്നിവ രാണ് തോല്പിക്കപ്പെടുക. നക്ഷത്രം, ചെങ്കോൽ എന്നീ പ്രതീകങ്ങൾ (24:17) ഇസ്രായേലിനെ ഭരിക്കാൻ പോകുന്ന രാജാവിനെ സൂചിപ്പിക്കുന്നു എന്നത് സുവിദിതമാണ്. ഏദോമ്യരെയും മൊവാബ്യരെയും തോല്പിച്ച ദാവീദിൽ ഈ പ്രതീകങ്ങളുടെ യാഥാർഥ്യം ഏറെക്കുറെ ദർശിക്കപ്പെടുന്നുണ്ടെങ്കിലും

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഇതു ക്രിസ്തുവിലേയ്ക്ക് എത്തി നിൽക്കുന്ന പ്രതീകങ്ങളാണ്. ഷേത്തിന്റെ മക്കൾ മൊവാബ്യരുടെ പര്യായ മായിത്തന്നെയാണു വരിക.

വാസ്തവത്തിൽ, നാലു പ്രവചനവും ഇസ്രായേലിനെതിരെയുള്ള പദ്ധതികൾ കർത്താവു പരാജയപ്പെടുത്തുന്നു എന്ന് അനുസ്മരിപ്പിക്കുന്ന ഗീതങ്ങളാണ്. ധനവും ബഹുമതികളും നൽകി പ്രവാചകരെ വശീകരിക്കുന്ന രീതിയെ ഗ്രന്ഥകാരൻ ഇവിടെ പരിഹസിക്കുന്നുമുണ്ട്.

**2. പാപം, മഹാമാരി, ജനസംഖ്യ (അധ്യാ. 25-26)**

ഇസ്രായേൽ മൊവാബുസമതലത്തിൽ വസിക്കുന്ന കാലത്ത് ചെയ്ത പാപവും അതിനുള്ള ശിക്ഷയുമാണ് 25-ാമത്തെ അധ്യായത്തിലെ പ്രതിപാദ്യം. സീനായ് താഴ്വരയിൽ നിന്നു പോന്ന ജനം മൊവാബ് സമതലത്തിൽ എത്തിച്ചേർന്നു എന്നു പൊതുവായ സൂചന മാത്രമേ 22:1 നൽകുന്നുള്ളുവെങ്കിലും, 25:1 ആ പ്രദേശം ഷിത്തിം ആണെന്ന് വ്യക്തമാക്കുന്നുണ്ട്. ഈ ഷിത്തിമിൽ നിന്നാണ് ജോഷ്വ കാനാൻ ദേശം ഒറ്റുനോക്കാൻ ചാരന്മാരെ അയയ്ക്കുന്നതും അങ്ങോട്ടേയ്ക്കു സൈന്യനീക്കം നടത്തുന്നതും (ജോഷ്വ 2:1; 3:1).

വിഗ്രഹാരാധനയും അതോടനുബന്ധിച്ചുള്ള ആചാരങ്ങളും ഇസ്രായേൽ ജനത്തിന് എന്നും പ്രലോഭനഹേതുവായിരുന്നു എന്നു ബൈബിൾ സാക്ഷിക്കുന്നുണ്ട്. ഈജിപ്തിൽനിന്നു പുറപ്പെട്ട ജനം ആദ്യമായി സീനായ് താഴ്വരയിൽ പ്രലോഭിതരാകുന്നതും ശിക്ഷയേറ്റുവാങ്ങുന്നതും പുറപ്പാടുഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. കാനാൻദേശത്തു വച്ചും ഈ പ്രലോഭനത്തിനു കീഴടങ്ങുന്ന ഇസ്രായേൽ രാജാക്കന്മാർക്കും ജനത്തിനും പ്രവാചകന്മാർ മുന്നറിയിപ്പുകളുടെയും ദൈവം നൽകുന്ന ശിക്ഷകളുടെയും വിവരണങ്ങൾ പഴയനിയമത്തിൽ തുടർച്ചയായി നാം വായിക്കുന്നു. ഇത്തരത്തിലുള്ള രണ്ടു സംഭവങ്ങളാണ് ഇവിടെ നാം വായിക്കുന്നത്. ആദ്യത്തേത് മൊവാബ്യസ്ത്രീകൾ വഴിയുണ്ടായ പ്രലോഭനത്തിലുൾപ്പെട്ടതിനെക്കുറിച്ചാണു പറയുക.

അവർ അവരോടൊത്ത്, പെയോറിലെ ബാലിനു സേവചെയ്തു. കർത്താവിന്റെ കല്പനയനുസരിച്ച്, ജനത്തിന്റെ നേതാക്കന്മാരെ വധിക്കാൻ മോശ കൽപ്പിക്കുന്നു. ശിക്ഷ നടപ്പാക്കിയോ ഇല്ലയോ എന്നതിനെക്കുറിച്ച് സൂചനയൊന്നും നൽകുന്നില്ല.

രണ്ടാമത്തേത്, കൊസ്ബി എന്ന മിദിയാൻ സ്ത്രീയുമായുള്ള ബന്ധത്തിനു അവളോടൊപ്പം ശിമയോൻ ഗോത്രജനായ സിമ്രിയെ വധിച്ചുകൊണ്ട് ഇസ്രായേലിൽ പടർന്നു പിടിച്ച മഹാമാരി അവസാനിപ്പിക്കുന്നതിനെക്കുറിച്ചു വിവരിക്കുന്നു. ഫിനെഹാസ് അവരെ വധിച്ചതുകൊണ്ട് മഹാമാരി അവസാനിച്ചുവെങ്കിലും, മിദിയാൻകാരെ നിശ്ശേഷം നശിപ്പിക്കുവാൻ കർത്താവു മോശയോടു കൽപ്പിക്കുന്നുണ്ട്. ഈ ആജ്ഞ നിറവേറ്റുന്നത് സംഖ്യയുടെ 31-ാം മധ്യായത്തിൽ കാണുന്നുണ്ട്.

ഷിത്തിമിൽ ഇസ്രായേൽ ചെയ്ത തെറ്റിന്റെ ശിക്ഷയായ മഹാമാരിയിൽ ഇരുപത്തിനാലായിരം പേർ മരിച്ചിരുന്നു. അതിനുശേഷം കർത്താവ് മോശയോടും അഹറോന്റെ പുത്രൻ എലെയാസറിനോടും ജനസംഖ്യയെടുക്കുന്നതിനു ആജ്ഞാപിക്കുന്നുണ്ട്. സംഖ്യയുടെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന ആദ്യത്തെ ജനസംഖ്യയെടുത്തത് (1:20-46) സീനായിൽ നിന്നു പുറപ്പെടുന്നതിന് ഒരുക്കമായിട്ടാണ്. ആ തലമുറയിൽ പെട്ടവരെല്ലാവരും, മോശയും "യഫുന്നയുടെ മകൻ കാലെബും നൂനിന്റെ മകൻ ജോഷയു"മൊഴിച്ചുള്ളവരെല്ലാം വഴിയിൽ വച്ചു അഥവാ മരുഭൂമിയിൽവച്ച് (26:65) മരണമടഞ്ഞിരുന്നു. അതുകൊണ്ട് കാനാനിലേക്കുള്ള പടനീക്കത്തിനൊരുക്കമായിട്ട് ഒരു കണക്കെടുപ്പ് ആവശ്യമായിരുന്നു എന്നു വ്യക്തം.

**3. ജോഷ്വ ഇസ്രായേലിന്റെ നായകൻ (അധ്യാ. 27:12-22)**

ഈ ഭാഗത്തു വിവരിക്കുന്ന മറ്റൊരു പ്രധാന സംഭവം ജോഷ്വയെ മോശയുടെ പിൻഗാമിയായി നിയമിക്കുന്നതാണ്. മോശയ്ക്കു പ്രായമായതിനാൽ സ്വാഭാവികമായി നടക്കേണ്ട ഒരു നിയമനമാണിതെങ്കിലും മോശയ്ക്കു ലഭിച്ച ശിക്ഷയോടു ബന്ധപ്പെടുത്തിയാണ് അതു നടത്തുക എന്നാണ് 27-ാമധ്യായം12-17

വാക്യങ്ങളിൽ നിന്നു മനസ്സിലാകുന്നത്. മറുവാക്കുരിയാടാതെ തന്റെ ശിക്ഷ യേറ്റുവാങ്ങുന്ന മോശ പക്ഷേ ജനത്തെ നയിക്കുന്നതിന് ഒരാളെ നിയമിക്കു ന്നതിന് അപേക്ഷിക്കുന്നത് ഹൃദയാവർജകമാണ് (27:15-17). കർത്താവു കൽപ്പിച്ചതുപോലെ മോശ ജോഷ്വയെ തന്റെ പിൻഗാമിയായി അവരോധിച്ചു. മോശയുടെ മരണത്തെക്കുറിച്ചുള്ള വിവരണവുംകൂടി ഇവിടെ നൽകുന്നു. ഒരുതരത്തിൽ പറഞ്ഞാൽ, കാനാൻദേശത്തെത്താത്ത തലമുറയോടുകൂടി എണ്ണപ്പെടുകയായിരുന്നു മോശയും. അബാറിം മലയിൽ കയറി അതു കാണു വാനുള്ള ഭാഗ്യം മാത്രമാണ് മറ്റുള്ളവരിൽ വ്യത്യസ്തമായി മോശയ്ക്കു ലഭിച്ച പ്രത്യേക ആനുകൂല്യം.

**4. വിവിധതരം നിയമങ്ങൾ (അധ്യാ. 27-30, 36)**

ജോഷ്വയുടെ നിയമനമൊഴിച്ച് 27 മുതൽ 30 വരെയും 36-ഉം അധ്യായങ്ങൾ വിവിധതരം നിയമങ്ങളെ പ്രതിപാദിക്കുന്നവയാണ്. പിൻതുടർച്ചവകാശം, ബലികൾ, തിരുനാളുകൾ, നേർച്ചകൾ 27-30, 36 എന്നീ അധ്യായങ്ങളിലായി വിവരിക്കുന്നു.

ആദ്യത്തേതു പിൻതുടർച്ചാവകാശത്തെ സംബന്ധിച്ചുള്ള നിയമത്തിനു വരു ത്തുന്ന ഭേദഗതിയെക്കുറിച്ചാണ്. ഇസ്രായേലിൽ നിലവിലിരുന്ന നിയമമനു സരിച്ച് പിതൃസ്വത്തിൽ അവകാശമുണ്ടായിരുന്നവർ ആൺമക്കൾ മാത്രമാണ് (നിയമാ 21:15-17). എന്നാൽ ഇവിടെ മനാസ്സെ ഗോത്രത്തിൽപ്പെട്ട സെലോഫ ഹാദിന് ആൺമക്കൾ ഉണ്ടായിരുന്നില്ല. പിതാവിന്റെ നാമം ഇസ്രായേലിൽ നിന്നു മാഞ്ഞുപോകാതിരിക്കാൻ പിതൃസ്വത്തു തങ്ങൾക്കവകാശമായി നൽകണം എന്ന് പെൺമക്കൾ അവകാശപ്പെട്ടു. കർത്താവിന്റെ കൽപ്പനപ്ര കാരം മോശ പെൺമക്കൾക്ക് പിതൃസ്വത്ത് അവകാശമായി നൽകി. ഒരുവൻ പുത്രനില്ലാതെ മരിച്ചാൽ പിതൃസ്വത്ത് പുതിക്ക്, പുത്രിയുമില്ലെങ്കിൽ സഹോദ രന്, സഹോദരനാരുമില്ലെങ്കിൽ പിതൃസഹോദരന്മാർക്ക്, അവരുമില്ലെങ്കിൽ ആ അവകാശം ഏറ്റവുമടുത്ത ബന്ധുവിന് എന്ന നിയമം ഇങ്ങനെ നിലവിൽ വന്നു (27:8-11).

ഈ നിയമത്തോടു കൂട്ടിച്ചേർത്തു വായിക്കേ ണ്ടതാണ് 36-ാമധ്യായത്തിലെ വിവാഹത്തെ സംബന്ധിച്ച നിയമവും. സെലോഫഹാദിന്റെ അവകാശം അവന്റെ പുത്രിമാർക്കു കൊടുക്കാൻ കർത്താവിന്റെ കൽപ്പനപ്രകാരം തീരുമാനിച്ചതുകൊണ്ട്, മനാസ്സെഗോത്രത്തിൽ പെട്ട മാഖീറിന്റെ മകൻ ഗിലയാദിന്റെ കുടുംബത്തലവന്മാർ ഈ പെൺമക്കളുടെ വിവാഹത്തെ സംബന്ധിച്ചും നിർദ്ദേശം വച്ചു. പിതൃസ്വത്ത് അതാതു ഗോത്രത്തിൽത്തന്നെ ലഭിക്കുന്നതിന് അവർ അതേ ഗോത്രത്തിൽപെട്ടവരുമായി വിവാഹബന്ധത്തിലേർപ്പെടുന്നതിനുള്ള നിർദ്ദേശമായിരുന്നു അത്. കർത്താവിന്റെ വചനമനുസരിച്ചു മോശ ഇതു ശരിവയ്ക്കുകയും (36:5-9) അതിൻപ്രകാരം സെലൊഫഹാദിന്റെ പുത്രിമാർ പ്രവർത്തിക്കുകയും ചെയ്തു (36:10-12).

ബലികളെയും തിരുനാളുകളെയും സംബന്ധിച്ചുള്ള നിയമങ്ങളാണ് 28-29 അധ്യായങ്ങളിലുള്ളത്. അനുദിനബലി, സാബത്തിലെ ബലി, മാസാദ്യബലി, പെസഹാബലി, വാരോത്സവത്തിലെ ബലി, വർഷാരംഭബലി, പാപപ്പരിഹാര ദിനബലി, കൂടാരത്തിരുനാളിലെ ബലികൾ എന്നിവയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. വാരോത്സവം (ആഴ്ചകളുടെ തിരുനാൾ) പെസഹായ്ക്കുശേഷം ഏഴ് ആഴ്ചകൾ കഴിഞ്ഞ് ആചരിക്കുന്നതിനാൽ ആ പേരിലും, അത് അമ്പതാം ദിവസമായതിനാൽ അമ്പത് എന്ന സംഖ്യയെ സൂചിപ്പിക്കുന്ന പെന്തക്കുസ്താ എന്നും വിളിക്കപ്പെടുന്നു. ഏഴാം മാസം ഒന്നാം ദിവസത്തെ തിരുനാൾ (29:1-6) വർഷാരംഭദിനമാണ് (ലേവ്യ 23:23-25 നോക്കുക). ഏഴാംമാസം പത്താംദിവസം (29:7-11) പാപപ്പരിഹാരദിനമാണ് ആചരിക്കുന്നത് (ലേവ്യ 23:26-32 നോക്കുക). ഏഴാം മാസം പതിനഞ്ചാംദിവസം മുതൽ എട്ടുദിവസത്തേയ്ക്കുള്ള തിരുനാൾ (29:12-38) കൂടാരത്തിരുനാളാണ് (ലേവ്യ 23:33-36 നോക്കുക). ഈ തിരുനാളിനോടനുബന്ധിച്ചാണ് ഏറ്റവും കൂടുതൽ ബലികൾ നിർദ്ദേശിച്ചിരിക്കുന്നത്. ദഹനബലി, ധാന്യബലി, പാനീയബലി എന്നിവയാണ് അർപ്പിക്കപ്പെടുന്ന പ്രധാന ബലികൾ. ബലികൾക്കു പുറമേയുള്ള തിരുനാൾ ആചരണവിധികളെക്കുറിച്ചും ഇവിടെ നിർദ്ദേശിക്കുന്നുണ്ട്.

മുപ്പതാം അധ്യായം മുഴുവനും കർത്താവിനുള്ള നേർച്ചകളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ആദ്യരണ്ടുവാക്യങ്ങൾ പൊതുവെയുള്ള നിർദ്ദേശമാണു നൽകുന്നതെങ്കിലും തുടർന്നുള്ള ഭാഗത്ത് സ്ത്രീകൾ നേരുന്ന നേർച്ച നിറവേറ്റുന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ത്രീകൾ പിതാവിന്റെയോ ഭർത്താവിന്റെയോ സംരക്ഷണയിലാണെന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് നേർച്ചകളുടെ സാധുതയെക്കുറിച്ചുള്ള നിയമങ്ങൾ ഇവിടെ നൽകിയിരിക്കുന്നത്. നേർച്ച നേരാൻ സ്ത്രീകൾക്കു സ്വാതന്ത്ര്യമുണ്ടെങ്കിലും അതു നിറവേറ്റുന്നതിനുള്ള കടമ പിതാവിന്റെയോ ഭർത്താവിന്റെയോ അനുവാദത്തെയും അംഗീകാരത്തെയും ആശ്രയിച്ചിരിക്കുന്നു.

**5. യുദ്ധം, ദേശവിഭജനം (അധ്യാ. 31-32)**

കർത്താവ് മിദിയാനെ നശിപ്പിക്കുന്നതിന് മോശയോട് കല്പിച്ച പ്രകാരം (25:16-18, 31:1) മോശ ഇസ്രായേൽ സൈന്യത്തെ പുരോഹിതനായ എലെയാസറിന്റെ മകൻ ഫിനെഹാസിനോടൊപ്പം യുദ്ധത്തിനയക്കുന്നതും അവർ വിജയിച്ച് കൊള്ളമുതലുമായി മടങ്ങിയെത്തുന്നതും അവ എല്ലാവർക്കുമായി വിഭജിക്കുന്നതുമാണ് 31-ാമധ്യായത്തിലെ പ്രതിപാദ്യം. അഞ്ചു മിദിയാൻ രാജാക്കന്മാരോടൊപ്പം എല്ലാ പുരുഷന്മാരെയും അവർ കൊന്നൊടുക്കി. കർത്താവിന്റെ പേരിൽ കർത്താവിന്റെ ജനം നടത്തുന്നത് വിശുദ്ധ യുദ്ധം എന്ന സങ്കല്പത്തിലാണ് ഈ യുദ്ധ വിവരണങ്ങൾ. കർത്താവു തന്നെ ശത്രുക്കളെ മുഴുവൻ കൊന്നൊടുക്കാനും കൊള്ളമുതൽ സ്വന്തമാക്കാനും അവരെ അനുവദിക്കുന്നു എന്ന ധാരണയാണ് ഈ വിവരണങ്ങൾ നമുക്കു നൽകുക. അക്കാലഘട്ടത്തിലെ ധാർമികതയെയും അതിജീവനരീതികളെയും സാധൂകരിക്കുന്ന വിവരണങ്ങളായി മാത്രമേ ഇതിനെ കണക്കാക്കാനാവൂ. കർത്താവു നയിക്കുന്ന യുദ്ധം എല്ലാവർക്കും അവകാശപ്പെട്ടതാണെന്നുള്ള ധാരണയാൽ കൊള്ളമുതൽ ആനുപാതികമായി അവർക്കിടയിൽ വിതരണം ചെയ്യപ്പെടുന്നു എന്നത് സവിശേഷ ശ്രദ്ധയർഹിക്കുന്നു.

കാനാൻദേശത്തെത്തുന്നതിനുമുമ്പുതന്നെ, അതായത് ജോഷ്വയുടെ നേതൃത്വത്തിൽ ജോർദാൻ കടന്ന് വാഗ്ദാനഭൂമിയിലേക്കു പ്രവേശിക്കുന്നതിനു

ഇസ്രായേൽക്കാർ യുദ്ധം ചെയ്തു കീഴടക്കിയ പ്രദേശങ്ങളായിരുന്നു അമോര്യരാജാവായ സീഹോന്റെ ദേശമായ ഹെഷ്ബോണും ബാഷാൻരാജാവായ ഓഗിന്റെയും മിദിയാന്റെയും ദേശവും. 32-ാമധ്യായത്തിലെ മൂന്നാം വാക്യമനുസരിച്ച്, ''അത്താരോത്ത്, ദീബോൻ, യാസേർ, നിമ്രാ, ഹെഷ്ബോൺ, എലെയാലെ, സെബാം, നെബോ, ബയോൺ എന്നിങ്ങനെ''യാണ് ഈ ദേശങ്ങൾ. കാനാൻദേശം കീഴടക്കി വിഭജിച്ചുകൊടുക്കുന്നതിന്റെ ചുമതല ജോഷ്വയ്ക്കായിരുന്നെങ്കിലും മോശയുടെ കാലത്ത് കീഴടക്കിയ ജോർദാന്റെ കിഴക്കുള്ള ഈ പ്രദേശങ്ങൾ വിഭജിച്ചുകൊടുക്കുന്നതും മോശയുടെ ദൗത്യമായി മാറി. റൂബൻ, ഗാദ്, മനാസ്സെയുടെ അർധഗോത്രം എന്നിവർക്കാണ് അവരുടെ ആവശ്യപ്രകാരം മോശ ഈ പ്രദേശങ്ങൾ വിഭജിച്ചുകൊടുക്കുന്നത്. കാരണവും വിശദീകരിച്ച് (32:3-5) ''ഞങ്ങളിൽ സംപ്രീതനെങ്കിൽ'' എന്ന മുഖവുരയോടെയാണ് അവർ അതു ചോദിച്ചതെങ്കിലും ഈ ചോദ്യം മോശ തെറ്റിധരിക്കുകയാണുണ്ടായത് (32:6-15). എന്നാൽ മോശവച്ച നിബന്ധനയ്ക്ക് അവർ തങ്ങളുടെ ലക്ഷ്യം വിശദീകരിച്ചുകൊണ്ടു നല്കിയ സമ്മതം കാര്യങ്ങൾ പരിഹരിക്കുകയാണ് (32:16-25).

### 6. സ്ഥലവിവരങ്ങൾ (അധ്യാ. 33-35)

33 മുതൽ 35 വരെയുള്ള അധ്യായങ്ങൾ സ്ഥലവിവരങ്ങളും വിവരണങ്ങളുമാണ്. അവരുടെ യാത്രയുടെ അവസാനം, കാനാൻദേശത്തിന്റെ പ്രവേശനകവാടത്തോട് അടുത്തെത്തിയ വേളയിൽ, അധ്യായം 33 ഇസ്രായേൽ ജനം ഈജിപ്തിൽ നിന്ന് ഇതുവരെ നടത്തിയ യാത്രയിലെ താവളങ്ങളെക്കുറിച്ചു വിശദമായി പ്രതിപാദിക്കുന്നു (33:1-49). അടിമത്തത്തിന്റെ നാട്ടിൽ നിന്ന് വാഗ്ദാനദേശത്തേയ്ക്ക് ദൈവജനം നടത്തിയ തീർഥയാത്രയുടെ സംഗ്രഹമെന്നിതിനെ വിശേഷിപ്പിക്കാം. ഇപ്പോൾ പാളയമടിച്ചിരിക്കുന്ന സ്ഥലത്തെ സംബന്ധിച്ചു കൃത്യമായ വിവരം 33:49-ൽ ഇങ്ങനെ വായിക്കുന്നു: ''ആ പാളയം ബെത്യെഷീമോത് മുതൽ ആബേൽ ഷിത്തീംവരെ വ്യാപിച്ചിരുന്നു''. മുപ്പത്തിമൂന്നാമധ്യായത്തിന്റെ അവസാനവാക്യങ്ങൾ (വാ. 51-56) കാനാൻദേശത്തു പ്രവേശിക്കുമ്പോൾ ഇസ്രായേൽ ജനം ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് കർത്താവ് മോശയോടു കൽപ്പിക്കുന്ന കാര്യങ്ങളാണ്.

അധ്യായം 34, വാഗ്ദത്തഭൂമിയുടെ അതിരുകളെക്കുറിച്ച് ഇസ്രായേൽ ജനത്തോടു പറയാനായി മോശയ്ക്കു നൽകുന്ന പ്രബോധനവും (1-12) അതനുസരിച്ച് മോശ വാഗ്ദത്തഭൂമി വിഭജിച്ചുകൊടുക്കേണ്ടതിന് അപ്രകാരം ചെയ്യേണ്ട വ്യക്തികളെ നിയമിക്കുന്നതുമാണ് വിവരിക്കുന്നത്. അതിരുകളായി പറഞ്ഞിരിക്കുന്ന ഉപ്പുകടൽ ഇന്നത്തെ ചാവുകടലാണ്. മഹാസമുദ്രം എന്നു പറഞ്ഞിരിക്കുന്നത് മധ്യധരണ്യാഴിയും കിന്നേരത്തു കടൽ എന്നു പറഞ്ഞിരിക്കുന്നത് ഗലീലിത്തടാകവുമാണ്.

അധ്യായം 35, വാഗ്ദത്തദേശത്ത് ഓഹരിലഭിക്കാത്ത പുരോഹിതഗോത്രത്തിന്, അതായത് ലേവീഗോത്രത്തിനു വസിക്കാനായി മറ്റു ഗോത്രങ്ങൾ തങ്ങളുടെ ഓഹരിയിൽ നിന്നു നൽകേണ്ട പട്ടണങ്ങളെക്കുറിച്ചും, അവയിൽ ആറു പട്ടണങ്ങൾ, അബദ്ധത്തിൽ ആരെങ്കിലും ഒരാളെ വധിക്കാനിടയായാൽ ഓടിയൊളിക്കേ തിനുള്ള അഭയനഗരങ്ങളായി നൽകേണ്ടതിനെക്കുറിച്ചും കർത്താവ് മോശയോട് അരുളിച്ചെയ്യുന്നതാണ്. ഇതെല്ലാം കർത്താവ് സീനായ് മലയിൽ വച്ചു നല്കിയ ഉടമ്പടിയുടെ പ്രമാണങ്ങൾ വീണ്ടും ബോധ്യപ്പെടുത്തുന്നതും വാഗ്ദത്തഭൂമിയിൽ ദൈവത്തിന്റെ നിയമങ്ങളനുസരിച്ച് ജീവിക്കുന്നതിനു പ്രചോദനം നൽകുന്നതുമാണ്.

**ഉപസംഹാരം**

ഗ്രന്ഥത്തിന്റെ അവസാനവാക്യം ഇതാണ്: ''ഇവയാണ് ജെറീക്കോയുടെ എതിർവശത്ത്, ജോർദാനു സമീപം, മൊവാബ് സമതലത്തിൽ വച്ച് കർത്താവു മോശവഴി ഇസ്രായേൽ ജനത്തിനു നൽകിയ നിയമങ്ങളും ചട്ടങ്ങളും'' (36:13). നിയമങ്ങൾ വിശദീകരിക്കുന്ന അവസാനാധ്യായങ്ങൾ പുരോഹിതപാരമ്പര്യത്തിൽ എഴുതപ്പെട്ടതാണ്. ഈ പാരമ്പര്യത്തിന്റെ സവിശേഷതയായ ഈ പ്രസ്താവനയോടു കൂടി ഗ്രന്ഥം അവസാനിക്കുന്നതും പഞ്ചഗ്രന്ഥത്തിലെ പുരോഹിതപാരമ്പര്യത്തിന്റെ ഭാഗധേയം വ്യക്തമാക്കുന്നതാണ്. ഗ്രന്ഥത്തിന്റെ അവസാന എഡിറ്റിംഗും പുരോഹിതപാരമ്പര്യത്തിന്റേതായിരുന്നു എന്നും ഈ സമാപനവാക്യം ഉറപ്പിക്കുന്നു.

Dr. Sr. Therese SABS, Rome